വിദ്യാരംഗം കലാ സാഹിത്യവേദി ഉദ്ഘാടനം

തളിപ്പറമ്പ്: കാലിക്കടവ് ഗവ. ഹൈസ്കൂൾ വിദ്യാരംഗം കലാ സാഹിത്യവേദിയുടെ ഉദ്ഘാടനം മനു പനക്കാട് നിർവ്വഹിച്ചു. എം.എം.രാജൻ അധ്യക്ഷനായി. എ.സി.സുജിത, കെ.സഹദേവൻ, സി.രാജേഷ്, വി.എൻ. മിനി, ടി.പ്രസീത, കെ.പി.മുഹമ്മദ് കുഞ്ഞി എം.എം.രാജൻ സംസാരിച്ചു. ബഷീറിന്റെ പൂവമ്പഴത്തിന്റെരംഗാവിഷ്കാരവും അനുസ്മരണവും നടന്നു.

തളിപ്പറമ്പ്: തലോറ എ.എൽ.പി. സ്കൂളിൽ വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ഉദ്ഘാടനവും ശുചിത്വ ബോധവൽക്കരണവും ഡോ.എം.ഗ്രീഷ്മ നിർവ്വഹിച്ചു. ഡോക്ടേർസ് ഡോ ആചരിക്കുന്നതിന്റെ ഭാഗമായി പൂർവ്വ വിദ്യാർത്ഥി കൂടിയായ ഡോ.എം.ഗ്രീഷ്മയെ അനുമോദിച്ചു. ഹോഡ്മാസ്റ്റർ ഇ.പി.സുരേശൻ അധ്യക്ഷത വഹിച്ചു. പ്രീത, സിനി, അശ്വതി സംസാരിച്ചു. ഇന്ദിര സ്വാഗതവും സ്കൂൾ ലീഡർ അർജുൻ ദാസ് നന്ദിയും പറഞ്ഞു.

വാർഷികം ആഘോഷിച്ചു

കുറമാത്തൂർ: കുറുമാത്തൂർ പഞ്ചായത്ത് 12-ാം വാർഡ് വേളിപ്പാറ സൂര്യ കുടുംബശ്രീയുടെ പന്ത്രണ്ടാം വാർഷികം ആഘോഷിച്ചു. എ.ഡി.എസ് സെക്രട്ടറി പ്രസന്ന ടീച്ചർ ഉദ്ഘാടനം ചെയ്തു. പ്രദേശത്ത് നിന്നും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെയും ജില്ലയിൽ മികച്ച സംരംഭകർക്കുള്ള അവാർഡ് നേടിയ അന്നപൂർണ്ണ പ്ലോർമിൽ ഭാരവാഹികളേയും അനുമോദിച്ചു. പി.വി.ഷീന അധ്യക്ഷത വഹിച്ചു. കുടുംബശ്രീ സെക്രട്ടറി ഷാനിബ ഇബ്രാഹിം സ്വാഗതവും പ്രസിഡന്റ് പത്മിനി നന്ദിയും പറഞ്ഞു.

കെ-ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം

തളിപ്പറമ്പ്: 2017 ആഗസ്ത്/ഡിസംബർ മാസങ്ങളിൽ തളിപ്പറമ്പ് വിദ്യാഭ്യാസ ഓഫീസിന് കീഴിൽ നടന്ന കെ.ടെറ്റ് പരീക്ഷയുടെ സർട്ടിഫിക്കറ്റ് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഇന്ന് മുതൽ വിതരണം നടത്തും.

വായനാ പക്ഷാചരണം

തളിപ്പറമ്പ്: കാലിക്കടവ് ഗവ. ഹൈസ്കൂളിൽ വായനാപക്ഷാചരണം പ്രധാനാധ്യാപിക എ.സി. സുജിത ഉദ്ഘാടനം ചെയ്തു. പി.എൻ.പണിക്കർ അനുസ്മരണം, പതിപ്പ് നിർമ്മാണം, സാഹിത്യ ക്വിസ്, വായനാ മത്സരം, പുസ്തകമരം, അടിക്കുറിപ്പ് മത്സരം എന്നിവ സംഘടിപ്പിച്ചു. കെ.സഹദേവൻ, എൻ.പി.സലീത്ത് എം.എം.രാജൻ, സി.രാജേഷ് സംസാരിച്ചു. സിനി ജോസഫ് സ്വാഗതവും ടി.പി.പ്രകാശൻ നന്ദിയും പറഞ്ഞു.

ബഷീർ ദിനാചരണം

തളിപ്പറമ്പ: അരിയിൽ യു.പി സ്കൂളിൽ ബഷീർദിനം നടത്തി. ബഷീറിന്റെ കൃതികളിലെ കഥാപാത്രങ്ങളായി കുട്ടികൾ പ്രത്യക്ഷപ്പെട്ടു. വിദ്യാരംഗം കൺവീനർ ജൂലി മെന്റോൺസ, ടെസി. ഇ.എൻ.രമണി, ഷാഫി മാസ്റ്റർ സംസാരിച്ചു.

കൂവേരി: കൊട്ടക്കാനം എ.യു.പി. സ്കൂളിലെ ഈ വർഷത്തെ വിവിധ ക്ലബുകളുടെ ഉദ്ഘാടനം ചെറിയൂർ ഗവ.ഹൈസ്കൂൾ അധ്യാപകൻ വി.ഷിനിൽ കുമാർ നിർവ്വഹിച്ചു. പ്രാധാനധ്യാപകൻ പി.ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു. പി.പി.നവ്യ ബഷീർ അനുസ്മരണം നടത്തി. സീനിയർ അസിസ്റ്റന്റ് എം.പി. ചിത്രദേവി, എസ്.ആർ.ജി. കൺവീനർ ടി.ഹേമലത സംസാരിച്ചു. വിദ്യാരംഗം കോഡിനേറ്റർ സി.ബാലകൃഷ്ണൻ സ്വാഗതവും കൺവീനർ മുഹമ്മദ് സജീർ നന്ദിയും പറയും.

ആലക്കോട് പോലീസും ജെ.സി.ഐ റോയലും സംഘടിപ്പിച്ച സൗഹൃദ ഫുട്ബോൾ മത്സര വിജയികൾക്കുള്ള സമ്മാനദാനം സി.ഐ. ഇ.പി.സുരേശൻ നിർവ്വഹിക്കുന്നു

കോരിച്ചൊരിയുന്ന മഴയിലും ആവേശം; സൗഹൃദ ഫുട്ബോളിൽ പോലീസിന് വിജയം

ആലക്കോട്: ലോകകപ്പ് ഫുട്ബോളിന്റെ ഭാഗമായി ആലക്കോട് ജനമൈത്രി പോലീസിന്റെയും ആലക്കോട് റോയൽ ജെ.സി.ഐയുടേയും സംയുക്താഭിമുഖ്യത്തിൽ സൗഹൃദ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. അരങ്ങം ക്ഷേത്ര മൈതാനിയിൽ നടന്ന മത്സരത്തിൽ ജേസീസ് ടീമിനെ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തി പോലീസ് ടീം വിജയികളായി. എങ്കിലും ആവേശം ചോരാതെയാണ് ഇരുടീമുകളും കളിച്ചത്. ആലക്കോട് സി.ഐ. ഇ.പി.സുരേശൻ ഉദ്ഘാടനം ചെയ്തു. സമ്മാനദാനവും അദേഹം നിർവഹിച്ചു. എസ്.ഐ. ടി.സുനിൽകുമാർ, സജി സഖറിയാസ് പ്രസംഗിച്ചു. കെ.പി.ജോബി സ്വാഗതവും എം.എൻ.ജോയി നന്ദിയും പറഞ്ഞു.

ഡി.വൈ.എഫ്.ഐ ശ്രീകണ്ഠപുരം ബ്ലോക്ക്: പി.ഷിനോജ് സെക്രട്ടറി; റോബർട്ട് ജോർജ് പ്രസിഡണ്ട്

പി. ഷിനോജ് റോബർട്ട് ജോർജ്

ശ്രീകണ്ഠപുരം: ഡി.വൈ.എഫ്.ഐ ശ്രീകണ്ഠപുരം ബ്ലോക്ക് സമ്മേളനം പി.ഷിനോജിനെ സെക്രട്ടറിയായും റോബർട്ട് ജോർജിനെ പ്രസിഡണ്ടായും വീണ്ടും തെരഞ്ഞെടുത്തു. വടക്കേ മലബാറിലെ കലാകാരൻമാരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനായി നിടിയേങ്ങ കക്കണ്ണൻപാറയിലെ കലാഗ്രാമത്തിൽ ഫൈൻആർട്സ് കോളേജ് സ്ഥാപിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. സമ്മേളനത്തിന്റെ അവസാന ദിവസമായ ഞായറാഴ്ച സംസ്ഥാന കമ്മിറ്റി അംഗം എം.വി രാജീവനും, ബ്ലോക്ക് സെക്രട്ടറി പി.ഷിനോജും ചർച്ചകൾക്കുള്ള മറുപടികൾ നൽകി. സംസ്ഥാന കമ്മിറ്റി അംഗം പി.പി ഷൈമ, ജില്ല വൈസ് പ്രസിഡന്റ് വി.പി വിജേഷ്, സി.ഐ.ടി.യു ജില്ല വൈസ് പ്രസിഡന്റ് എം.സി ഹരിദാസൻ, പി.മാധവൻ, പ്രജോഷ്, കെ ഷൈജു സംസാരിച്ചു. റോബർട്ട് ജോർജ്ജ് നന്ദി പറഞ്ഞു. മറ്റ് ഭാരവാഹികൾ: കെ.വി സന്ദീപ്, ടി.വി അപർണ്ണ (വൈസ്.പ്രസിഡന്റ്), സി.വി ജിതേഷ്, പി.വി രാജേഷ് (ജോ സെക്രട്ടറി), എം.ഷിജിൻ (ട്രഷറർ).



പയ്യന്നൂർ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ മതിലിൽ പതിച്ചിരിക്കുന്ന അശ്ലീല രംഗങ്ങളുള്ള സിനിമാ പോസ്റ്ററുകൾ.

പയ്യന്നൂരിൽ സർക്കാർ മതിലുകൾ അശ്ലീല പോസ്റ്ററുകൾ കീഴടക്കി

പയ്യന്നൂർ: പയ്യന്നൂർ നഗരത്തിലെ പ്രധാന റോഡരികിലെ മതിലുകളിലടക്കം ഇടം പിടിച്ചിരിക്കുകയാണ് സിനിമകളിലെ അശ്ലീല രംഗങ്ങൾ നിറഞ്ഞ് നിൽക്കുന്ന സിനിമാ പോസ്റ്ററുകൾ. ഇതിൽ ഏറെ പരിതാപകരമായിട്ടുള്ളത് കഴിഞ്ഞ ആഴ്ച പുരാവസ്തു -മ്യൂസിയം മന്ത്രി ജനങ്ങൾക്കായി തുറന്ന് കൊടുത്ത പഴയ പൊലീസ് സ്റ്റേഷൻ കെട്ടിടവും സബ് രജിസ്ട്രാർ ഓഫീസും ഉൾക്കൊള്ളുന്ന കെട്ടിടത്തിന്റെ മതിലിൽ ചൂടേറിയ രംഗങ്ങൾ കോർത്തിണക്കിയ സിനിമാ പോസ്റ്ററുകൾ പതിച്ചതുമാണ്. ഇതിന് സമീപത്തായി പയ്യന്നൂരിലെ പ്രധാനപ്പെട്ട മൂന്ന് സ്കൂളുകളും സ്ഥിതി ചെയ്യുന്നുണ്ട്. കുട്ടികളും സ്ത്രീകളും ഇത് വഴി കടന്ന് പോകുന്നത് തന്നെ കണ്ണുകൾ പൊത്തിയും കുട ചെരിച്ച് പിടിച്ചുമാണ്. കോടതി സമുച്ചയം, താലൂക്കോഫീസ്, ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങളുടെ തൊട്ട ടുത്താണ് പഴയ പൊലീസ് സ്റ്റേഷൻ കെട്ടിടവും മതിലും സ്ഥിതി ചെയ്യുന്നത്. സർക്കാർ സ്ഥാപനങ്ങളുടെ മതിലുക ളിലും ചുമരുകളിലും മനുഷ്യ സംസ്കാരത്തെ ഹനിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾക്കെതിരെ കണ്ടില്ലെന്ന് നടിക്കുകയാണ് അധികൃതർ

സ്കോളർഷിപ്പ് വിതരണവും ആദരിക്കലും

തളിപ്പറമ്പ: കേരള പത്മശാലിയ സംഘം തളിപ്പറമ്പ ശാഖയുടെ സ്കോളർ ഷിപ്പ് വിതരണവും, ആദരിക്കലും. തളിപ്പറമ്പ എസ്ഐ പ്രശോഭ് ഉദ്ഘാടനം ചെയ്തു. ശാഖാ പ്രസിഡന്റ് കെ. ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് പി.വി. നരേന്ദ്രൻ സ്കോളർഷിപ്പ് വിതരണം നടത്തി. സംസ്ഥാന സമിതി അംഗം ,സതീശൻ പുതിയേട്ടി മുഖ്യ പ്രഭാഷണം നടത്തി, കൗൺസിലർ കെ, നിഷ, പൂക്കോത്ത് കൊട്ടാരം പ്രസിഡണ്ട്, സി.നാരായണൻ, കെ.രമേശൻ, കെ. കണ്ണൻ മാസ്റ്റർ, പി.തങ്കമണി സംസാരിച്ചു. കെ.പി.എസ് ജില്ലാ ജോ. സെക്രട്ടറി കെ. രഞ്ജിത്ത് സ്വാഗതവും കൃഷ്ണരാജ് ടി.വി. നന്ദിയും പറഞ്ഞു.

കേരള പത്മശാലിയ സംഘം തളിപ്പറമ്പ ശാഖയുടെ സ്കോളർഷിപ്പ് വിതരണവും ആദരിക്കലും എസ്.ഐ പ്രശോഭ് ഉദ്ഘാടനം ചെയ്യുന്നു

മെറിറ്റ് ഡേ ആഘോഷിച്ചു

മണക്കടവ്: ശ്രീപുരം ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച മെറിറ്റ് ഡേ ആഘോഷം കെ.സി.ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡണ്ട് കെ.ടി.സുരേഷ്കുമാർ അധ്യക്ഷത വഹിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികളെ എൻഡോവ്മന്റുകളും കാഷ് അവാർഡും നൽകി അനുമോദിച്ചു. പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു, സരിത മാത്യു, ബീന സുരേഷ്, ജോയി കൊന്നയ്ക്കൽ, ജോസി സഖറിയാസ്, പി.ഡി.ഡെന്നി, കെ.പി. നിർമ്മല പ്രസംഗിച്ചു.

അനുമോദിച്ചു

പറശിനിക്കടവ്: വായനാ പക്ഷാചരണത്തിന്റെ ഭാഗമായി മികച്ച വായനക്കാരെ അനുമോദിച്ചു. പി.പി.ഉഷ മികച്ച 8 വായനക്കാർക്ക് ഉപഹാരം നൽകി. വായനയുടെ വഴികൾ എന്ന സെമിനാർ എം.വി.ഷാജി ഉദ്ഘാടനം ചെയ്തു. വായനശാലയിലേക്കുള്ള പുസ്തകശേഖരണം പി.എം.മുകുന്ദൻ മാസ്റ്റർ എസ്.കെ.പൊറ്റക്കാടിന്റെ സഞ്ചാര സാഹിത്യം നൽകി ഉദ്ഘാടനം ചെയ്തു. ഭാർഗ്ഗവൻ പറശ്ശിനിക്കടവ് അദ്ധ്യക്ഷത വഹിച്ചു. പി.പി. പ്രദീപൻ, അഡ്വ.യു.രമേശൻ, എ.മനോഹരൻ, പി.മനോഹരൻ, വി.രാജിനി, കെ.വി.ശോഭ, കെ.അപർണ്ണ, വി. ആദിത്യ, കെ.സായൂജ്യ, എബിൻ വിൻസെന്റ്, പി.പി.രമ്യ വായനാനുഭവങ്ങൾ പങ്കുവെച്ചു. വി.രമേശൻ സ്വാഗതവും കെ.വി.അയ്യപ്പൻ നന്ദിയും പറഞ്ഞു.

കെ.എസ്.ഇ.ബി ജനസഭ നടത്തി

ശ്രീകണ്ഠപുരം: കുയിലൂർ പൊതുജന ഗ്രന്ഥാലയത്തിന്റെയും കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ ഇരിക്കൂർ യൂണിറ്റിന്റെയും സി.ഐ.ടി.യു കുയിലൂർ ഡിവിഷൻ കമ്മിറ്റിയുടെയും നേതൃത്വത്തിൽ നടത്തിയ ജനസഭ കെ.എസ്.ഇ.ബി അസോസിയേഷൻ വൈസ് പ്രസിഡന്റ് കെ.ടി പത്മനാഭൻ ഉദ്ഘാടനം ചെയ്തു. കെ.വി രാഘവൻ അധ്യക്ഷനായി. കെ.സജീവൻ, എം.സന്തോഷ്, പി.ജി സന്തോഷ് സംസാരിച്ചു. എം. എസ് രവീന്ദ്രൻ സ്വാഗതം പറഞ്ഞു.

സി.പി.എം പ്രതിരോധ സംഗമം ഇന്ന്

ആലക്കോട്: എസ്.ഡി.പി.ഐ പോപ്പുലർഫ്രണ്ട്, ക്യാമ്പസ് ഫ്രണ്ട് ഭീകരതക്കെതിരെ സി.പി.എം സംഘടിപ്പിക്കുന്ന ജനകീയ പ്രതിരോധ സംഗമം ഇന്ന് വൈകുന്നേരം നാല് മണിക്ക് ആലക്കോട് ടൗണിൽ നടക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി.സുമേഷ് ഉദ്ഘാടനം ചെയ്യും. എസ്.എഫ്.ഐ ജില്ലാ പ്രസിഡണ്ട് ഷിബിൻ കാനായി പ്രസംഗിക്കും.

ആർ.എസ്.എസ് വളർച്ചക്ക് ഇടതുഭരണം തണലേകുന്നു; സതീശൻ പാച്ചേനി

കണ്ണൂർ: കേരളത്തിൽ സംഘപരിവാർ സംഘടനകൾക്ക് കൂടുതൽ വളർച്ച കൈവരിക്കാനുള്ള സഹായഹസ്തങ്ങൾ നൽകുന്നത് ഇടത് ഭരണമാണെന്ന് ആർ.എസ്.എസ് തന്നെ വ്യക്തമാക്കിയിരിക്കുകയാണെന്ന് ഡി.സി.സി പ്രസിഡന്റ് സതീശൻ പാച്ചേനി പറഞ്ഞു. വർഗ്ഗീയത വളർത്തി, തീവ്രഹിന്ദുത്വ നിലപാടുമായി മുന്നോട്ട് പോകുന്ന ആർ.എസ്.എസ് രാജ്യത്തെ ജനാധിപത്യത്തിനും മതേതരത്വത്തിനും നേരെ ഉയർത്തുന്ന വെല്ലുവിളികൾ വളരെ വലുതാണ്. ന്യൂനപക്ഷ ജനവിഭാഗങ്ങളെ കടന്നാക്രമിച്ച് കൊണ്ട് രാജ്യത്തിന്റെ പല ഭാഗത്തും നടത്തിയിട്ടുള്ളതും, നടത്തുന്നതുമായ വിധ്വംസക പ്രവർത്തനങ്ങൾ ഏറെ ആശങ്കയോടെയാണ് ജനങ്ങൾ നോക്കിക്കാണുന്നതെന്നും അദ്ദേഹം പറഞ്ഞു.

ട്രാഫിക് സുരക്ഷാ ബോധവൽക്കരണ ക്ലാസ് നടത്തി

കുറുമാത്തൂർ: കുറുമാത്തൂർ സൗത്ത് യു.പി.സ്കൂളിൽ ട്രാഫിക് സുരക്ഷാ ബോധവൽക്കരണ ക്ലാസ് നടത്തി. പ്രധാനധ്യാപിക കെ.പി.ചന്ദ്രമതിയുടെ അധ്യക്ഷതയിൽ വാർഡ് മെമ്പർ എൻ.പി.അബ്ദുൾ റസാഖ് ഉദ്ഘാടനം ചെയ്തു. ട്രാഫിക് ട്രെയിനർ എ.വി.സതീഷ് ക്ലാസെടുത്തു. പി.ടി.എ. പ്രസിഡന്റ് പ്രദീപ് കുമാർ സംസാരിച്ചു. സ്റ്റാഫ് സെക്രട്ടറി എം.കെ.മൊയ്ദു സ്വാഗതവും സി.സൈനുദ്ദീൻ നന്ദിയും പറഞ്ഞു.

വായനാപക്ഷാചരണത്തിന്റെ ഭാഗമായി നടന്ന പരിപാടിയിൽ മികച്ച വായനക്കാരെ അനുമോദിച്ച് പി.പി. ഉഷ സംസാരിക്കുന്നു.

അഭിമന്യു അനുസ്മരണവും പ്രതിഷേധ ജ്വാലയും

നടുവിൽ: ഡിവൈഎഫ്ഐ ആഭിമുഖ്യത്തിൽ പോത്തുകുണ്ടിൽ അഭിമന്യു അനുസ്മരണവും പ്രതിഷേധ ജ്വാല തെളിയിക്കലും സംഘടിപ്പിച്ചു. ആലക്കോട് ബ്ലോക്ക് വൈസ് പ്രസിഡന്റ് കെ.പി.മൊയ്തീൻ ഉദ്ഘാടനം ചെയ്തു. സി.എച്ച്.അഫ്സൽ അധ്യക്ഷത വഹിച്ചു. കെ.പി.നിധീഷ് സ്വാഗതം പറഞ്ഞു. എ.ജിതിൻ, എൻ.പി.അനുരാഗ്, ടി.പി.പത്മനാഭൻ നേതൃത്വം നൽകി. പ്രതിഷേധ പ്രകടനവും നടന്നു.

തളിപ്പറമ്പിൽ കസ്റ്റഡിയിൽ എടുത്തവർ എസ്.ഡി.പി.ഐക്കാരല്ല

തളിപ്പറമ്പ: കഴിഞ്ഞ ദിവസം തളിപ്പറമ്പ പോലീസ് കസ്റ്റഡിയിലെടുത്ത മൂന്ന് യുവാക്കളും എസ്.ഡി.പി.ഐക്കാരല്ല. പട്ടുവത്തെ പി. മുസ്തഫ (22), ചപ്പൻ ദിൽഷാദ് (25), പള്ളക്കൻ തറമ്മൽ ശിഹാബുദീൻ (25) എന്നിവർ സി.പി.എം- മുസ്ലിംലീഗ് അനുഭാവികളാണ്. ഇവർ ഞായറാഴ്ച രാത്രി നഗരത്തിലെ തട്ടുകടയിൽ നിന്ന് ചായ കുടിച്ച് നഗരത്തിലേക്ക് നടക്കവെ സംശയം തോന്നി പോലീസ് കസ്റ്റഡിയിലെടുത്തതാണ്. സംശയിക്കത്തക്കതൊന്നും ഇല്ലെന്ന് കണ്ടതിനാൽ രാവിലെ വീട്ടയക്കുകയും ചെയ്തിരുന്നു. അതേസമയം മിനിഞ്ഞാന്ന് എസ്.ഡി.പി.ഐക്കാർക്കായി റെയ്ഡ് നടന്നതിനാൽ ഇവരെയും ആ പട്ടികയിൽപ്പെടുത്തിയാണ് വാർത്ത വന്നിരുന്നത്.

ഹജ്ജ് പരിശീലന ക്യാമ്പ് 13ന്

തളിപ്പറമ്പ: ഈവർഷത്തെ ഹജ്ജിന് രജിസ്റ്റർ ചെയ്തവർക്കും, ഉംറ ചെയ്യുവാൻ ആഗ്രഹിക്കുന്നവർക്കും ഹജ്ജിന്റെയും ഉംറയുടെയും കർമ്മങ്ങൾ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പരിശീലിപ്പിക്കാൻ വിസ്ഡം യൂത്ത് തളിപ്പറമ്പ ശാഖാ സംഘടിപ്പിക്കുന്ന ഹജ്ജ് പരിശീലന ക്യാമ്പ് 13ന് വൈകുന്നേരം നാല് മണിക്ക് മന്നയിലെ റബ്മാർക്സ് ഓഡിറ്റോറിയത്തിൽ നടക്കും. എൽ.സി.ഡി ക്ലിപ്പുകളുടെ സഹായത്തോടെ നടക്കുന്ന ക്ലാസിൽ സംശയ നിവാരണത്തിന് സൗകര്യമുണ്ട്. കുടുംബസമേതം പങ്കെടുക്കുവാൻ സൗകര്യമുള്ള ക്യാമ്പിന് പരിചയസമ്പന്നരായ പ്രമുഖ പണ്ഠിതൻമാർ ക്ലാസുകൾക്ക് നേതൃത്വം നൽകും. വിശദ വിവരങ്ങൾക്ക്: 9567928289.

ശാദുലി റാത്തീബ് നാളെ

പയ്യന്നൂർ: പയ്യന്നൂർ റെയിൽവേ ഗേറ്റ് ശാദുലി ജുമാ മസ്ജിദിൽ ശൈഖ് തങ്ങളുടെ ആണ്ട് നേർച്ചയോടനുബന്ധിച്ച് നടത്തുന്ന റാത്തീബ് നാളെ ഇശാ നിസ്കാരാനന്തരം നടക്കും. അബ്ദുൾഹസൻ അലി ശാദുലി അൽഖാസിമി മാങ്കടവ് നേതൃത്വം നൽകും.

5 സെന്റ് സ്ഥലവും വീടും വിൽപ്പനക്ക്
പൂവത്ത് എല്ലാ സൗകര്യങ്ങളുമുള്ള അഞ്ച് സെന്റ് സ്ഥലവും രണ്ട് ബെഡ്റൂം കോൺക്രീറ്റ് വീടും വിൽപ്പനക്ക്.
7029272727
9656284141

വീടും സ്ഥലവും വിൽപ്പനക്ക്
പൂവ്വത്തിനടുത്ത് തളിപ്പറമ്പ് ആലക്കോട് റോഡിൽ നിന്നും 100 മീറ്റർ ദൂരത്തിൽ 10 സെന്റ് സ്ഥലവും വീടും വിൽപ്പനക്ക്. പ്രതീക്ഷിക്കുന്ന വില: 55 ലക്ഷം
9447254515

കൊടുങ്കാറ്റിന് മേൽ അവസാന സവാരി ആരുടേതാകും?
പ്രവചിക്കൂ... ബുള്ളറ്റിൽ കുതിക്കൂ...
SHOPPRIX SUPER CENTER
മക്തബ് പ്രവചന മത്സരം 2018
ഒന്നാം സമ്മാനം 3 പേർക്ക് ബുള്ളറ്റ് ബൈക്ക്
2-ാം സമ്മാനം CT 100 ബൈക്ക്
3-ാം സമ്മാനം വാഷിംഗ് മെഷീൻ
25 പ്രോൽസാഹന സമ്മാനങ്ങൾ
പൂരിപ്പിച്ച കൂപ്പണുകൾ നിശ്ചിത കേന്ദ്രങ്ങളിൽ സ്ഥാപിച്ച ബോക്സുകളിൽ ജൂലായ് 13 വൈകുന്നേരം 5 മണിക്ക് മുമ്പ് നിക്ഷേപിക്കുക
കപ്പ് നേടുന്ന രാജ്യം..
പേര്..ഫോൺ ....
വിലാസം..
SHOPPRIX® SUPER CENTER
Taliparamba
Payyannur
Sulthan Batheri

FIFA WORLD CUP RUSSIA 2018

6 മാസം കൊണ്ട് SSLC/+2
SSLC പാസ്സായവർക്ക് +2 കോഴ്സിനും 15 വയസ്സ് പൂർത്തിയായവർക്ക് SSLC ക്കും ചേരാം.
SSLC / +2 തോറ്റവർക്ക് തോറ്റ വിഷയം മാത്രം എഴുതി പാസ്സാകം.
6 മാസം കൊണ്ട്
BA/BCom/BCA/BBA/MBA/
MCA/ MCom/MA/MPhil etc./
(Break - in - Study)
ഡിപ്ലോമ കഴിഞ്ഞവർക്ക് ഡിഗ്രി
Air Line Management, Hotel Management, Travel & Tourism etc.
IASE COLLEGE
Payyannur : 04985209624
Taliparamba: 9895565624,
9895900114

സ്ഥലം വിൽപ്പനക്ക്
ബക്കളം - കണ്ടംകുളം മുസ്ലിം പള്ളിക്ക് സമീപം 10 സെന്റ് സ്ഥലം വിൽപ്പനക്ക് (ബ്രോക്കർമാർ ബന്ധപ്പെടേണ്ടതില്ല)
Contact:
9656317638
00974, 97470055005

ലാബ് ടെക്നീഷ്യൻ
ഒഴിവുകൾ-2
MSC, MLT-1
DMLT-1
മെഡിസിറ്റി
തളിപ്പറമ്പ
Ph: 04602 200227
9446391920

ക്വാർട്ടേഴ്സ് വാടകക്ക്
കാഞ്ഞിരങ്ങാട് വടക്കേമൂല റോഡ്സൈഡിൽ പുതിയ ക്വാർട്ടേഴ്സ് വാടകക്ക്.
9747468010

അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു
കണ്ണൂർ ജില്ല തളിപ്പറമ്പ് താലൂക്കിൽ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഡി ഗ്രേഡ് ക്ഷേത്രമായ പരിയാരം ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിൽ അടിച്ചു തളി തസ്തികയിൽ 750 - 1120 രൂപ ശമ്പള നിരക്കിൽ ജോലി ചെയ്യുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
അപേക്ഷകൾ 25 - 7 - 2018ന് വൈകുന്നേരം 5 മണിക്ക് മുമ്പായി ക്ഷേത്രം ഓഫീസിൽ ലഭിക്കേണ്ടതാണ്.
എന്ന്, എക്സിക്യൂട്ടീവ് ഓഫീസർ

ആവശ്യമുണ്ട്
തളിപ്പറമ്പിലുള്ള രാജധാനി സൂപ്പർ മാർക്കറ്റിലേക്ക് ബില്ലിംഗ് സെക്ഷനിലേക്കും, സെയിൽസിലേക്കും ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്
Contact:
9895350090
9447850296